"ഭരണഭാഷ മാതൃഭാഷ"

നം. KDFWF/D/DB-94/2020

കേരള ക്ഷീരകർഷക ക്ഷേമനിധി
തിരുവനന്തപുരം- 695004
ഇ-മെയിൽ : keraladairyfarmerswfb@yahoo.in
ഫോൺ നം. 0471-2723671
തീയതി. 26.06.2020

## സർക്കുലർ നം.- 3/2020

വിഷയം:- ക്ഷീരകർഷക ക്ഷേമനിധി - അംഗത്വം - കാമ്പയിൻ- സംഘടിപ്പിക്കുന്നതു - സംബന്ധിച്ച്.

സൂചന:- ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നിർദ്ദേശം.

ക്ഷീരകർഷക ക്ഷേമനിധി നിയമ പ്രകാരം കേരളത്തിലെ ഏതെങ്കിലുമൊരു ക്ഷീരസംഘത്തിൽ ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 ലിറ്റർ പാൽ വിപണനം ചെയ്തിട്ടുള്ള 18 വയസ്സ് പൂർത്തിയായ ക്ഷീരകർഷകർക്ക് ക്ഷേമനിധി അംഗത്വത്തിന് അർഹതയുണ്ട്.

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകർ പ്രതിമാസം 20/- രൂപ നിരക്കിൽ അംശദായവും നൽകുന്നുണ്ട്. എന്നാൽ നിലവിൽ ഇത്തരത്തിൽ പ്രതിമാസ അംശദായം ഒടുക്കുന്നതും ഒന്നാം ഖണ്ഡിക പ്രകാരം യോഗ്യതയുള്ളതുമായ നിരവധി ക്ഷീരകർഷകർക്ക് ക്ഷേമനിധി അംഗത്വം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. അംഗത്വം ഇല്ലാത്തതിനാൽ തന്നെ അംശദായം ഒടുക്കുന്ന ഇവർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാകുന്നില്ല. ക്ഷേമനിധി അംഗത്വത്തെ കുറിച്ച് ശരിയായ അവബോധം ക്ഷീരകർഷകർക്കിടയിൽ ഇല്ലാത്തതിനാലും ആയതിലേക്ക് വേണ്ട നടപടികൾ ക്ഷീരസംഘം സെക്രട്ടറിമാർ, ബ്ലോക്ക് നോഡൽ ഓഫീസർമാർ എന്നിവരുടെ ഭാഗത്തു നിന്നും ഉണ്ടാകാത്തതുമാണ് അർഹരായ ക്ഷീരകർഷകർക്ക് പലർക്കും അംഗത്വം ലഭിക്കാത്ത സാഹചര്യം ഉണ്ടായിരിക്കുന്നത്.

ബോർഡ് വിഷയം വളരെ ഗൗരവമായി കാണുന്നു. വിഷയ സംബന്ധമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) ഓരോ സാമ്പത്തിക വർഷവസാനത്തെ തുടർന്നും യോഗ്യത നേടുന്ന ക്ഷീരകർഷകരെ ഏപ്രിൽ, മെയ് മാസങ്ങളിലായി അംഗത്വം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2) ന്യൂനതയുള്ള അംഗത്വ അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സമർപ്പിച്ച് ന്യൂനതയാകുന്ന അപേക്ഷകളുടെ വിവരങ്ങൾ ക്ഷീരസംഘം സെക്രട്ടറി, ബ്ലോക്ക് നോഡൽ ഓഫീസർ, ജില്ലാ

നോഡൽ ഓഫീസർ എന്നിവരുടെ ലോഗിൻ പേജിൽ ലഭ്യമാണ്.

3) ഓരോ സാമ്പത്തിക വർഷാവസാനവും ക്ഷീരസംഘങ്ങൾ അംഗത്വത്തിന് യോഗ്യതയുള്ള ക്ഷീരകർഷകരുടെ പട്ടിക സംഘം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് യോഗ്യരായ ക്ഷീരകർഷകരെ അറിയിക്കേണ്ടതാണ്.

4) ബ്ലോക്ക് നോഡൽ ഓഫീസർമാർ, ക്ഷീരസംഘം സെക്രട്ടറിമാരുടെ പ്രതിമാസ യോഗങ്ങളിൽ ക്ഷേമനിധി അംഗത്വം ഒരു അജണ്ടയായി പരിഗണിച്ച് ഓരോ സംഘത്തിലെയും അംഗത്വ പുരോഗതി വിലയിരുത്തേണ്ടതാണ്.

5) ഓരോ ജില്ലയിലെയും അംഗത്വം സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി വിലയിരുത്തേണ്ടതും അതാത് ജില്ലാ നോഡൽ ഓഫീസർമാരുടെ ചുമതലയായിരിക്കും.

ഈ വർഷം ഇതുവരെ അംഗത്വം നേടിയിട്ടില്ലാത്തതും എന്നാൽ യോഗ്യതനേടിയതുമായ ക്ഷീരകർഷകർക്ക് എത്രയും വേഗം അംഗത്വം നൽകുന്നതിനുള്ള നടപടികൾ ബ്ലോക്ക് നോഡൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. ആയതിലേക്ക് 2020 ജൂലൈ മാസം ക്ഷീരകർഷക 'ക്ഷേമനിധി അംഗത്വം കാമ്പയിൻ' മാസമായി കണക്കാക്കി നടപടികൾ സ്വീകരിക്കുന്നതിനു ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ഡയറക്ടർ, ക്ഷീരവികസന വകുപ്പ് (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും
എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും
എല്ലാ ഡെയറിഫാം ഇൻസ്ട്രക്ടർമാർക്കും
എല്ലാ ക്ഷീരസംഘം സെക്രട്ടറിമാർക്കും